പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. T 3561

14.03.2017-ൽ മറുപടിയ്ക്ക്

## ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾ

**ചോദ്യം**

ശ്രീ. പാറക്കൽ അബ്ദുല്ല

**മറുപടി**

ശ്രീ. പിണറായി വിജയൻ
( മുഖ്യമന്ത്രി)

(എ) സംസ്ഥാനത്ത് ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എ) വൻ തോതിൽ വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കഴിഞ്ഞ നാല് മാസത്തിനിടെ ദളിത്, ആദിവാസി സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് 366 കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ ;

(ബി) 161 കേസുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളു.

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ ;

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ അധികവും ലൈംഗിക ചൂഷണ കേസുകളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുട്ടികൾക്കെതിരായ അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ കൂടുതലും ലൈംഗിക ചൂഷണ കേസുകളാണ്.

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഇവരെ ആക്രമികളിൽ നിന്ന് മോചിപ്പിച്ച് സുരക്ഷിതരാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഇത്തരത്തിൽപ്പെട്ട അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ കേസ് രജിസ്റ്റർ ചെയ്തു വരുന്നതും, ഇത്തരം കുറ്റകൃത്യങ്ങളിൽ നിലവിലുള്ള നിയമ വ്യവസ്ഥക്കനുസരിച്ച് അതിവേഗവും , കാര്യക്ഷമവുമായ അന്വേഷണം നടത്തി ശാസ്ത്രീയ തെളിവുകളും മറ്റ് സാഹചര്യ തെളിവുകളും ശേഖരിച്ച് പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചും വരുന്നു. |

സെക്ഷൻ ഓഫീസർ